(സി) 2014 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് വിവിധ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും ലിസ്റ്റ് ലഭിച്ചത്. ബാങ്കിൽ കരാറടി സ്ഥാനത്തിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ താൽക്കാലിക സ്റ്റേ ഉത്തരവ് ഉള്ളത് കാരണം ടി ലിസ്റ്റിൽനിന്നും ബാങ്കിന് കരാറടിസ്ഥാനത്തിൽ നിയമനം നടത്താൻ സാധിച്ചിട്ടില്ല. മേൽപ്രകാരമുള്ള സ്റ്റേ 21-5-2015-ൽ മാറിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ 37 പേർ കരാടിസ്ഥാനത്തിൽ അഗ്രിക്കൾച്ചറൽ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്. അഗ്രിക്കൾച്ചറൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ 10 പേരെ ഗസ്റ്റ് ഹൗസ് കീപ്പറായി നിയമിച്ചിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ 15-2-2012-ലെ സി.എൽ.റ്റി. (2) 5738/2013 ഉത്തരവിന്റെയും 26-11-2014-ലെ സി.എൽ.റ്റി. (2) 21502/2014 നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് ഗസ്റ്റ് ഹൗസ് കീപ്പർമാരെ നിയമിച്ചിട്ടുള്ളത്.

(എഫ്) 7 ഗസ്റ്റ് ഹൗസ് കീപ്പർമാർക്ക് പ്യൂൺ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ജി) ബാങ്കിന്റെ 31-5-2014-ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗസ്റ്റ്ഹൗസ് കീപ്പർമാർക്ക് ഉദ്യോഗക്കയറ്റം നൽകിയത്. പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നതിന് റിക്രൂട്ട്മെന്റ് റൂൾ അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഭരണസമിതി ഉദ്യോഗക്കയറ്റം നൽകുകയാണുണ്ടായത്.

## സഹകരണ ബാങ്കുകൾവഴി ലഭ്യമാകുന്ന കാർഷിക വായ്പകൾ

78 (4660) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ അനുവദിച്ച കാർഷിക വായ്പ എത്ര ; എത്ര പേർക്ക് വായ്പ അനുവദിച്ചു ; വർഷം തിരിച്ച് ജില്ലയിലെ സ്ഥാപനം തിരിച്ച് ഓരോ സ്ഥാപനത്തിൽ നിന്നും എത്ര പേർക്ക് എന്നത് പ്രത്യേകം വിശദമാക്കാമോ ?

### ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly